"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആർകെഐ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്- ശ്രീ. ബിജു.പി.പോൾ, ഫിനാൻസ് ഓഫീസർ(PEN- 103805)- അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (പിപി) വകുപ്പ്**

സ.ഉ.(സാധാ) നം.708/2025/LSGD തീയതി,തിരുവനന്തപുരം, 17-03-2025

പരാമർശം:-

1. 28/10/2019 -ലെ സ.ഉ.(കൈ) നം.133/2019-തസ്വഭവ നം.ഉത്തരവ്
2. 08.12.2023 ലെ സ.ഉ.(സാധാ)നം.2447/2023-തസ്വഭവ നം. ഉത്തരവ്
3. ധനകാര്യ വകുപ്പിന്റെ 29.10.2024 ലെ 2563062/ഭരണം.എ2/248/2023-ധന നം. അനൗദ്യോഗിക കുറിപ്പ്
4. 31.12.2024 ലെ സ.ഉ.(സാധാ)നം.2587/2024 നം. ഉത്തരവ്
5. പ്രോജക്ട് ഡയറക്ടർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ 28.01.2025 ലെ എ1/336/2020/പിഎംയുഎൽഎസ്ജിഡി നം കത്ത്

**ഉത്തരവ്**

പരാമർശം(1) പ്രകാരം രൂപീകൃതമായ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ, ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ. ബിജു.പി.പോളിനെ പരാമർശം( 2 ) പ്രകാരം ഫിനാൻസ് ഓഫീസറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാന്റെ സേവന കാലാവധി 17.12.2024 ന് അവസാനിക്കുന്നതിനാൽ ആയത് ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകുന്നതിന് പരാമർശം(3), (5) എന്നിവ പ്രകാരം ശിപാർശ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(4) ലെ സർക്കാർ ഉത്തരവ് പ്രകാരം ആർകെഐ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തന കാലാവധി 2025 ജൂൺ വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീ. ബിജു.പി.പോൾ (പെൻ 103805) ന്റെ തദ്ദേശ സ്വയംഭരണ വകുപ്പിൻ കീഴിലുള്ള റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ ഫിനാൻസ് ഓഫീസർ തസ്തികയിലെ അന്യത്രസേവന കാലാവധി നിലവിലെ ചട്ടങ്ങൾക്കും ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി 18.12.2024 മുതൽ 30.06.2025 വരെ ദീർഘിപ്പിച്ചുനൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

പ്രോജക്റ്റ് ഡയറക്ടർ, പിഎംയു ആർകെഐ

ശ്രീ. ബിജു.പി.പോൾ, ഫിനാൻസ് ഓഫീസർ, പിഎംയു ആർകെഐ

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

ധനകാര്യ (ഭരണം.എ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 18-03-2025 11:47:42

സെക്ഷൻ ഓഫീസർ